ലഭ്യതക്കുറവ് തടസ്സം നിന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് മറ്റ് ജില്ലകളിൽനിന്നും പുതുതായി ടെൻഡർ വിളിച്ച് മണ്ഡലത്തിലേക്ക് പോസ്റ്റുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇപ്പോൾ മണ്ഡലത്തിൽ പോസ്റ്റുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് 1,899 പോസ്റ്റുകൾ കൂടി ആവശ്യമുണ്ട്. ഇത് രണ്ട് മാസത്തിനുള്ളിൽ ലഭ്യമാക്കാൻ കഴിയും. ഏപ്രിൽ മാസത്തോടെ മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാൻ കഴിയും.

### 6. ആരാധനാ സൗകര്യം ലഭ്യമാക്കാനുള്ള നടപടി

ശ്രീ. യു. സി. രാമൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് ദേവപ്രശ്ന പ്രകാരം രണ്ടായിരത്തിലേറെ വർഷം പഴക്കമുള്ള ഒരു അയ്യപ്പ ശിവക്ഷേത്രമുണ്ട്. കാലാന്തരത്തിൽ ആ ക്ഷേത്രം ക്ഷയിച്ചുപോയി. അവിടത്തെ കെട്ടിടങ്ങളൊക്കെ തകർന്ന് ആരാധനകളും മുടങ്ങിപ്പോയി. പിന്നീട് ആ സ്ഥലം കാടുപിടിച്ചുകിടക്കുകയായിരുന്നു. 1967-ൽ ജലവിഭവ വകുപ്പിനു വേണ്ടി ക്ഷേത്രത്തിന്റെ സമീപഭാഗത്തുള്ള സ്ഥലങ്ങൾ സർക്കാർ ഏറ്റെടുത്തു. അങ്ങനെ ഏറ്റെടുത്ത സമയത്ത് ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമുണ്ടായിരുന്ന ഈ സ്ഥലത്തിന്റെ ചുറ്റും മതിലുകെട്ടി. ഇന്ന് ഈ ക്ഷേത്രവും അതിന്റെ ഭാഗങ്ങളെല്ലാം തന്നെ ഈ കോമ്പൗണ്ടിനുള്ളിലാണ്. ഭക്തജനങ്ങൾക്ക് ആരാധനയ്ക്ക് പോകാൻ കഴിയുന്നില്ല. ആ ഭാഗത്തുള്ള ആളുകൾക്ക് ആരാധനയ്ക്കു വേണ്ടി ആ ക്ഷേത്രം തുറന്നുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് വാട്ടർ അതോറിറ്റി വിലയ്ക്ക് വാങ്ങിയതല്ല, അക്വയർ ചെയ്തതല്ല, സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്. അടിയന്തരമായി ആ സ്ഥലം പതിച്ച് കൊടുക്കണമെന്നും അവിടെ ആരാധന നടത്താനുള്ള അനുവാദം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ബഹുമാനപ്പെട്ട യു.സി. രാമൻ ഉന്നയിച്ചത് ഒരു സങ്കീർണ്ണ പ്രശ്നമാണ്. ഈ പമ്പ് ഹൗസിന്റെ കോമ്പൗണ്ടിൽ ഒരു ക്ഷേത്രം നിലനിൽക്കുന്നില്ലെന്നും അതുകൊണ്ടുതന്നെ പൊതുജനങ്ങൾക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുക ബുദ്ധിമുട്ടാണെന്നുമുള്ള നിലയിലാണ് കേരള വാട്ടർ അതോറിറ്റി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. പക്ഷേ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷന്റെ പശ്ചാത്തലത്തിൽ ഇതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

### 7. വൈദ്യുതി സബ് സ്റ്റേഷൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ സേനാപതിയിൽ കെ. എസ്. ഇ. ബി. യുടെ ഒരു സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ട് വർഷങ്ങളായി. ആ പ്രദേശങ്ങളിലുള്ള വോൾട്ടേജ് ക്ഷാമം വളരെ ഗൗരവമായ പ്രശ്നമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 25,000 കണക്ഷനുകളാണ് പുതിയതായി കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളത്. ഇതു വന്നതോടുകൂടി ഇവിടെ വോൾട്ടേജ്ക്ഷാമം രൂക്ഷമായിരിക്കുകയാണ്. ഈ സബ് സ്റ്റേഷന്റെ പണി എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly